**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1680

14.12.2012- ൽ മറുപടിയ്ക്ക്

**വിവാഹധനസഹായം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ. ഇ.കെ. വിജയൻ** | **ഡോ. എം.കെ. മുനീർ<br>( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായത്തിന് അപേക്ഷിയ്ക്കാനുള്ള സമയ പരിധി ദീർഘിപ്പിച്ച് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം മാപ്പാക്കുന്നതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യ ക്ഷേമ വകുപ്പ് --സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം-നിബന്ധനകളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യ ക്ഷേമ (സി) വകുപ്പ്

സ.ഉ. (എം.എസ്). നമ്പർ.34/2012/സാക്ഷേവ  തിരുവനന്തപുരം , തീയതി, 04.06.2012

---

പരാമർശം 1. 19.06.1978 ലെ ജി.ഒ.(പി) 151/78/ത.സാ.ക്ഷേ.വ. ഉത്തരവ്
2. സ.ഉ.(എം.എസ്സ്)നം.50/2008/സാ.ക്ഷേ.വ. തീയതി 04.09.2008

## ഉത്തരവ്

പരാമർശം 1 ലെ ഉത്തരവ് പ്രകാരം സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത ധനസഹായം നൽകുന്നതിനുള്ള നിബന്ധന 5(2) പ്രകാരം വിവാഹത്തിന് നിശ്ചയിച്ചിട്ടുള്ള തീയതിയ്ക്ക് ഏറ്റവും കുറഞ്ഞത് ഒരു മാസത്തിന് മുമ്പെങ്കിലും അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. എന്നാൽ ഇക്കാര്യത്തിലുള്ള അറിവില്ലായ്മ മൂലം അപേക്ഷ സമർപ്പിക്കുവാൻ കാലതാമസം വരുത്തുന്ന അപേക്ഷകർക്ക് ആനുകൂല്യം നിഷേധിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിനാൽ സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതിയുടെ 5(2) ാം നിബന്ധന ചുവടെ ചേർത്തിട്ടുള്ള കുറിപ്പുകൾ പ്രകാരം ഭേദഗതി ചെയ്ത് ഉടനടി പ്രാബല്യത്തിൽ വരത്തക്കവിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കുറിപ്പ് (1) ഏതെങ്കിലും അപേക്ഷകർക്ക് മതിയായ കാരണങ്ങളാലാണ് ഈ സമയ പരിധി പാലിക്കാൻ സാധിക്കാതെ വന്നതെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടാൽ അവരുടെ അപേക്ഷകളിന്മേൽ വിവാഹം നടന്ന തീയതി മുതൽ ആറുമാസം വരെയുള്ള കാലവിളംബം മാപ്പാക്കി ആനുകൂല്യം നൽകാൻ അതാത് ജില്ലാകളക്ടർക്കും അതിനുശേഷം 5 മാസം വരെ ലാന്റ് റവന്യൂ കമ്മീഷണർക്കും (ആകെ ഒരു വർഷം) അധികാരം ഉണ്ടായിരിക്കും.

കുറിപ്പ് (2) നിശ്ചിത സമയ പരിധിക്കുള്ളിൽ നൽകിയിട്ടുള്ള അപേക്ഷകൾ ആദ്യം പരിഗണിച്ച് ആനുകൂല്യം നൽകിയ ശേഷമായിരിക്കണം ഇത്തരം വൈകി ലഭിച്ച അപേക്ഷകളിൽ കാലതാമസം മാപ്പാക്കി ആനുകൂല്യം നൽകേണ്ടത്

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഗോവിന്ദൻ നമ്പൂതിരി വി.എസ്.
അഡീഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ ആന്റ് ഇ) തിരുവനന്തപുരം
സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, കില, മുളങ്കുന്നത്തുകാവ്, തൃശൂർ
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
R. Vijayan
സെക്ഷൻ ഓഫീസർ

R. Vijayan
സെക്ഷൻ ഓഫീസർ